ഇ.എക്സ്/സി.ജി.എൽ(3)/36673/2020/സി.ജി.ഇ

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം.**
**തീയതി : 21/12/2020**

# വിജ്ഞാപനം

വിഷയം : 2021 മാർച്ച് മാസത്തിലെ ടി.എച്ച്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ-സംബന്ധിച്ച്.

സൂചന : 1. ജി.ഒ (പി) 53/2004/പൊ.വി.വ തീയതി 04-02-2004
2. ജി.ഒ (ആർ.ടി) 4610/2012/പൊ.വി.വ തീയതി 28-09-2012

------

**1.** 2020-2021 അദ്ധ്യയന വർഷത്തെ ടി.എച്ച്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ 17.03.2021 ബുധനാഴ്ച ആരംഭിച്ച് 26.03.2021 വെള്ളിഴാഴ്ച അവസാനിക്കുന്നതാണ്. പരീക്ഷയുടെ സമയവിവരപട്ടിക ഈ വിജ്ഞാപനത്തിൽ (പേജ് 4) ഉൾപ്പെടുത്തിയിട്ടുണ്ട്.

**2.** ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) സർട്ടിഫിക്കറ്റ് 2012 മുതൽ പുതുക്കിയിട്ടുണ്ട്. സ്കൂൾ ലീവിംങ് സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. 9 പോയിന്റ് ഗ്രേഡിംഗ് സിസ്റ്റം ആണ് നടപ്പിലാക്കുന്നത്.

**പരീക്ഷയുടെ വിഷയങ്ങൾ, സ്കോർ, സമയം എന്നിവ താഴെ കാണും പ്രകാരമായിരിക്കും.**

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | | |
|---|---|---|---|---|---|---|
| | | സി.ഇ | എഴുത്തു പരീക്ഷ (റ്റി.ഇ.) | പ്രാക്ടിക്കൽ പരീക്ഷ | ആകെ | സമയം (മണിക്കൂറിൽ) |
| 1 | ഇംഗ്ലീഷ് | 20 | 80 | - | 100 | 2 ½ |
| 2 | മലയാളം | 20 | 80 | - | 100 | 2 ½ |
| 3 | ഗണിതശാസ്ത്രം | 20 | 80 | - | 100 | 2 ½ |
| 4 | ഊർജ്ജതന്ത്രം & രസതന്ത്രം | 20 | 80 | - | 100 | 2 ½ |
| 5 | ഹ്യൂമാനിറ്റീസ് (തിയറി) | 20 | 80 | - | 100 | 2 ½ |
| 6 | പ്ലംബിംങ്/പ്രിന്റിംങ് | 10 | 40 | - | 50 | 1 |
| 7 | ഡ്രായിംങ്/കമ്പോസിംങ് | 20 | 80 | - | 100 | 1 |
| 8 | പ്രാക്ടിക്കൽ | 40 | | 160 | 200 | |
| 9 | സ്വഭാവം & പെരുമാറ്റം | | | | 50 | |
| | | 170 | 520 | 160 | 900 | |

